**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - കൊച്ചി, തൃപ്പൂണിത്തുറ നഗരസഭകളിൽ ഹോമിയോ ഡോക്ടർ, കമ്പൗണ്ടർ/ഫാർമസിസ്റ്റ്, അറ്റൻഡർ എന്നിവർക്ക് ഹോണറേറിയം വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 1740/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 24/05/2016.

---

പരാമർശം :- 1. 10.09.2012 തീയതിയിലെ സ.ഉ.(സാധാ.) നം.2557/2012/ത.സ്വ.ഭ.വ.

2. കൊച്ചി നഗരസഭാ സെക്രട്ടറിയുടെ 7.5.2015 തീയതിയിലെ MOH6/34449/2013 നമ്പർ കത്ത്.

3. തൃപ്പൂണിത്തുറ നഗരസഭാ സെക്രട്ടറിയുടെ 24.07.2015 തീയതിയിലെ PH - 4515/15 നമ്പർ കത്ത്.

4. നഗരകാര്യ ഡയറക്ടറുടെ 27.01.2016 തീയതിയിലെ ഡി.സി.3-12107/14 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭയിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിയിലെ ഹോമിയോ ഡോക്ടർ, കമ്പൗണ്ടർ, അറ്റൻഡർ എന്നിവർക്ക് ഒന്നാം പരാമർശിത ഉത്തരവിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 10,000/-, 5,500/-, 4,750/- രൂപയാണ് നിലവിൽ ഹോണറേറിയമായി നൽകി വരുന്നത്. കൊച്ചി നഗരസഭയിലെ ജീവനക്കാരായ ഹോമിയോ ഡോക്ടർ, കമ്പൗണ്ടർ, അറ്റൻഡർ എന്നിവർക്ക് വേതനം വർദ്ധിപ്പിക്കുന്നതിന് 27/01/2014-ലെ 7-ാം നമ്പർ കൗൺസിൽ പ്രകാരവും തൃപ്പൂണിത്തുറ നഗരസഭയിലെ ഹോമിയോ ഡോക്ടർക്കും ഫാർമസിസ്റ്റിനും വേതനം വർദ്ധിപ്പിക്കുന്നതിന് 14/05/2013 ലെ 16-ാം നമ്പർ കൗൺസിൽ പ്രകാരവും തീരുമാനമെടുത്തതായും കൊച്ചി, തൃപ്പൂണിത്തുറ നഗരസഭകളിൽ ഹോമിയോ ഡോക്ടർ, കമ്പൗണ്ടർ/ഫാർമസിസ്റ്റ്, അറ്റൻഡർ എന്നിവർക്ക് നിലവിൽ നൽകി വരുന്ന ഹോണറേറിയമായ 10,000/-, 5,500/-, 4,750/- രൂപയുടെ 50% വർദ്ധിപ്പിച്ച് യഥാക്രമം 15,000/-, 8,250/-, 7,125/- രൂപ നിരക്കിൽ വർദ്ധിപ്പിച്ച് നൽകാവുന്നതും ആയതിന് ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകാവുന്നതാണെന്നും ഈ ഇനത്തിൽ ഹോമിയോ ഡോക്ടർ, കമ്പൗണ്ടർ/ഫാർമസിസ്റ്റ്, അറ്റൻഡർ എന്നിവർക്ക് നൽകുന്നതിന് അധികമായി വരുന്ന തുക കൊച്ചി, തൃപ്പൂണിത്തുറ എന്നീ നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ 4-ാം പരാമർശിത കത്ത് പ്രകാരം ആവശ്യപ്പെട്ടു

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊച്ചി, തൃപ്പൂണിത്തുറ

നഗരസഭകളിൽ ഹോമിയോ ഡോക്ടർ, കമ്പൗണ്ടർ/ഫാർമസിസ്റ്റ്, അറ്റൻഡർ എന്നിവർക്ക് ഒന്നാം പരാമർശിത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ നൽകി വരുന്ന ഹോണറേറിയമായ 10,000/-, 5,500/-, 4,750/- രൂപയുടെ 50% വർദ്ധിപ്പിച്ച് യഥാക്രമം 15,000/-, 8,250/-, 7,125/- രൂപ നിരക്കിൽ, അധികമായി വരുന്ന തുക കൊച്ചി, തൃപ്പൂണിത്തുറ എന്നീ നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണെന്ന വ്യവസ്ഥയിൽ, ടി ഉത്തരവു തീയതി മുതൽ പ്രാബല്യത്തിൽ, വർദ്ധിപ്പിച്ച് നൽകാൻ ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രത്നമ്മ വി.
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
സെക്രട്ടറി, കൊച്ചി/ തൃപ്പൂണിത്തുറ നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.